15
2024
നവംബർ

# ഗിൽഗാൽ വോയ്സ്

യുഎഇ
4 പേജ്
വാല്യം : 4
ലക്കം : 1

Published By : Media Department, Church of God UAE
For Private Circulation Inside the Church Premises Only
Email : gilgalvoice@gmail.com

## പുതിയ മേഖലകളിൽ കൂടി നിർബന്ധിത സ്വദേശിവത്കരണം

ദുബായ്: ആരോഗ്യ-സാമൂഹിക രംഗം, ഹോസ്പിറ്റാലിറ്റി, ഗതാഗതം, നിർമാണ സ്ഥാപനങ്ങൾ, റിയൽ എസ്റ്റേറ്റ്, ഖനനം ക്വാറി, സംഭരണ മേഖല, അഡ്മിനിസ്ട്രേറ്റീവ്, സപ്പോർട്ടീവ്, വിദ്യാഭ്യാസം, സാമ്പത്തിക മേഖലയിലുള്ള ഇൻഷുറൻസ് സ്ഥാപനങ്ങൾ, കല-വിനോദം, ഐടി, പ്രഫഷനൽ-സാങ്കേതിക മേഖലയിലുള്ള സ്ഥാപനങ്ങൾ, മൊത്ത-ചില്ലറ വ്യാപാരം എന്നീ മേഖലകളിൽ സ്വദേശി നിയമനം യു.എ.ഇ കർശനമാക്കി. 20 മുതൽ 49 വരെ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ ഒരു സ്വദേശിയെ നിർബന്ധമായും നിയമിച്ചിരിക്കണമെന്നും ഡിസംബർ 31നു മുൻപ് നിയമനം പൂർത്തിയാക്കണമെന്നും മാനവവിഭവശേഷി സ്വദേശിവൽക്കരണ മന്ത്രാലയം മുന്നറിയിപ്പ് നൽകി. 20-ൽ താഴെ തൊഴിലാളികളുള്ള കമ്പനികൾക്കു ഈ നിയമം ബാധകമല്ല.

## 15% ത്തിലേറെ ഫീസ് വർധന വേണ്ട


അബുദാബി: സ്വകാര്യ സ്കൂളുകളുടെ ഫീസ് വർദ്ധനവിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് അഡെക്. അസാധാരണ സാഹചര്യങ്ങളിൽ പോലും 15 ശതമാനത്തിൽ കൂടുതൽ ഫീസ് വർധിപ്പിക്കാൻ പാടില്ലെന്ന് അബുദാബി വിദ്യാഭ്യാസ വിജ്ഞാന വകുപ്പ് (അഡെക്) സ്വകാര്യ സ്കൂളുകൾക്ക് കർശന നിർദേശം നൽകി.

## ദുബായ് ട്രാം യാത്രയ്ക്ക് 10 വയസ്സ്

ദുബായ്: 6 കോടി യാത്രികരുമായി ദുബായ് ട്രാം യാത്രയ്ക്ക് പത്താം വാർഷികം. ഈ വിജയ കുതിപ്പിൽ ഇതുവരെ സഞ്ചരിച്ചത് 60 ലക്ഷം കിലോമീറ്റർ. 42 മിനിറ്റ് യാത്രാദൈർഘ്യത്തിൽ 11 സ്റ്റേഷനുകളെ ബന്ധിപ്പിക്കുന്ന ട്രാം, ദുബായിലെ പൊതുഗതാഗത സൗകര്യങ്ങളുടെ പ്രൗഢിയെ പ്രകടമാക്കുന്നു.

## ഷാർജ അന്താരാഷ്ട്ര പുസ്തകമേളയിൽ ഇടം തേടി *FROM DUST TO LIFE*







ഷാർജ: ആഗോളതലത്തിൽ ഏറെ ശ്രദ്ധേയമായതും വലിയ പുസ്തകമേളകളിൽ ഒന്നുമായ ഷാർജ അന്താരാഷ്ട്ര പുസ്തകമേളയിൽ ഇടം തേടി **FROM DUST TO LIFE. Angel Anna Siby**യുടെ പ്രഥമ കവിതാസമാഹാരമാണിത്. അജ്മാൻ അൽ അമീർ ഇംഗ്ലീഷ് സ്കൂൾ പതിനൊന്നാം ക്ലാസ്സ് വിദ്യാർത്ഥിനിയായ **Angel Anna Siby**യുടെ മുപ്പത് കവിതകളുടെ സമാഹാരമാണ് **FROM DUST TO LIFE.**




## ചർച്ച് ഓഫ് ഗോഡ് യു.എ.ഇ സംയുക്ത ആരാധന ഡിസംബർ 2-ന്

ഷാർജ: യു.എ.ഇ ചർച്ച് ഓഫ് ഗോഡ് സഭകളുടെ സംയുക്ത ആരാധന ഡിസംബർ 2 തിങ്കളാഴ്ച രാവിലെ 9:30 മുതൽ ഷാർജ വർഷിപ്പ് സെന്റർ മെയിൻ ഹാളിൽ നടത്തപ്പെടും. ചർച്ച് ഓഫ് ഗോഡ് ഗൾഫ് മിഡിൽ ഈസ്റ്റ് സൂപ്രായിരിക്കുന്ന ഡോ. സുശീൽ മാത്യു മുഖ്യ പ്രഭാഷണം നടത്തും. ചർച്ച് ഓഫ് ഗോഡ് യു.എ.ഇ ദേശീയ അദ്ധ്യക്ഷൻ ഡോ. കെ. ഓ. മാത്യു, നാഷണൽ സെക്രട്ടറി പാസ്റ്റർ കുര്യൻ മാമ്മൻ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകും. ദൈവസഭയുടെ സംഗീത വിഭാഗം ഗാനശുശ്രൂഷ നിർവ്വഹിക്കും.

സംയുക്ത ആരാധനയിലേക്ക് എല്ലാ ദൈവജനത്തെയും ഹൃദയംഗമായി സ്വാഗതം ചെയ്യുന്നു.




DECEMBER
3
2024

## ഗിൽഗാൽ ബിബ്ളിക്കൽ സെമിനാരിയുടെ പതിനാറാമത് ബിരുദദാന സമ്മേളനം

ഷാർജ: ATA അംഗീകാരമുള്ള ഗിൽഗാൽ ബിബ്ളിക്കൽ സെമിനാരിയുടെ പതിനാറാം ബിരുദദാന ചടങ്ങ് 2024 ഡിസംബർ മൂന്നാം തീയതി രാത്രി 7 മണി മുതൽ ഷാർജ വർഷിപ്പ് സെന്റർ മെയിൻ ഹാളിൽ നടക്കും. സെമിനാരിയുടെ വൈസ് പ്രസിഡന്റ് റവ. ഷാൻ മാത്യു ചടങ്ങിന്റെ അധ്യക്ഷത വഹിക്കും. ചർച്ച് ഓഫ് ഗോഡ് ഗൾഫ് മിഡിൽ ഈസ്റ്റ് സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്ന ഡോ. സുശീൽ മാത്യു മുഖ്യ സന്ദേശം നൽകും. വിജയകരമായി വിവിധ കോഴ്സുകൾ പൂർത്തിയാക്കിയ അറുപതോളം പേർക്ക് സെമിനാരിയുടെ പ്രസിഡന്റും, ചർച്ച് ഓഫ് ഗോഡ് യു.എ.ഇ ഓവർസിയറും ആയ ഡോ. കെ. ഓ. മാത്യു സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും. അടുത്ത ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു എന്നും ക്ലാസ്സുകൾ ഡിസംബർ ഒമ്പതാം തീയതി ആരംഭിക്കും എന്നും അധികൃതർ അറിയിച്ചു. അഡ്മിഷനായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ +971 585678646

## യുഎഇയിൽ ചൂടും മഴയും കൂടും

അബുദാബി: യുഎഇയിൽ 10 വർഷത്തിനുള്ളിൽ മഴയും താപനിലയും വർദ്ധിക്കുമെന്ന് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പ് നൽകി. കാലാവസ്ഥാ വ്യതിയാനം മുൻനിർത്തി ആസൂത്രണം വേണമെന്ന് എൻസിഎം അറിയിച്ചു. ഏപ്രിലിൽ രാജ്യം കണ്ട അസാധാരണ മഴയ്ക്ക് സമാനമായ കടു ത്ത കാലാവസ്ഥാ സാഹചര്യങ്ങളെ അഭിമുഖീകരിക്കേണ്ടി വരും. മഴയുടെ തീവ്രത 10 മുതൽ 20 ശതമാനം വരെ കൂടുമെന്ന് നാഷനൽ സെന്റർ ഓഫ് മെറ്റീരിയോളജി (എൻ സി എം) ഡയറക്ടർ ഡോ. മുഹമ്മദ് അൽ അബ്രി സൂചിപ്പിച്ചു.

## അന്തർദ്ദേശീയ സാഹിത്യരചനാ മത്സരം അവസാനിച്ചു

ഷാർജ്ജ: COG UAE മീഡിയ വിഭാഗം സംഘടിപ്പിച്ച അന്തർദ്ദേശീയ സാഹിത്യരചനാ മത്സരം അവസാനിച്ചു. കഥകൾ ലേഖനങ്ങൾ എന്നീ രണ്ടു വിഭാഗങ്ങളിലായി നടത്തിയ മത്സരത്തിന്റെ ഫലപ്രഖ്യാപനം ഡിസംബറിൽ ഉണ്ടാകുമെന്ന് സംഘാടകർ അറിയിച്ചു.

## സൗദി സെൻട്രൽ ബാങ്ക് പലിശ നിരക്ക് കുറച്ചു

റിയാദ്: സൗദി സെൻട്രൽ ബാങ്ക് റിപ്പോ, റിവേഴ്സ് റിപ്പോ നിരക്ക് 25 പോയിന്റ് കുറച്ചു. സ്ഥിര നിക്ഷേപത്തിലും, താൽക്കാലിക നിക്ഷേപത്തിലും പലിശ നിരക്ക് കാൽശതമാനം കുറയും. ആനുപാതികമായി നിലവിൽ 5.25% ആയ നിരക്ക് 4.75% ആയാണ് കുറയുക.

EDITORIAL Board

പത്രാധിപസമിതി

രക്ഷാധികാരികൾ
**ഡോ. കെ. ഓ മാത്യു**
**ബ്രദർ റോബിൻ കീച്ചേരി**
**ബ്രദർ വിൽസൺ ജോർജ്ജ്**

ചീഫ് എഡിറ്റർ
**പാസ്റ്റർ സുനീഷ് ജോൺസൺ**

മാനേജിംഗ് എഡിറ്റർ
**പാസ്റ്റർ അനിൽ ആയൂർ**

ഗിൽഗാൽ വോയ്സ്

പരസ്യ താരീഫ്

| | | |
|---|---|---|
| ഫ്രണ്ട് ഹാഫ് പേജ് | : | 350 AED |
| ഫ്രണ്ട് ക്വാർട്ടർ പേജ് | : | 250 AED |
| ബാക്ക് ഫുൾ പേജ് | : | 350 AED |
| ബാക്ക് ഹാഫ് പേജ് | : | 250 AED |
| ബാക്ക് ക്വാർട്ടർ പേജ് | : | 150 AED |
| ഇൻ സൈഡ് ഫുൾ പേജ് | : | 300 AED |
| ഇൻ സൈഡ് ഹാഫ് പേജ് | : | 200 AED |
| ഇൻ സൈഡ് ക്വാർട്ടർ പേജ് | : | 100 AED |
| മട്രിമോണിയൽ | : | 50 AED |

(പരസ്യം വാർത്താ പ്രാധാന്യമുള്ളതാണെങ്കിൽ, പരസ്യത്തിനൊപ്പം ഫ്രീ ആയി വാർത്തയും പ്രസിദ്ധീകരിക്കും)

# EDITORIAL



പാസ്റ്റർ സുനീഷ് ജോൺസൻ

തിരഞ്ഞെടുപ്പുകൾ എല്ലാ രാജ്യങ്ങളിലും ജനങ്ങളുടെ അഭിപ്രായം രേഖപ്പെടുത്താനും, ഭരണം നൽകുവാനും ഉള്ള പ്രക്രിയയാണ്. അമേരിക്കയിലെ തിരഞ്ഞെടുപ്പും, കേരളത്തിൽ നടക്കുന്ന നിയമസഭാ ഉപതിരഞ്ഞെടുപ്പുകളും ഇപ്പോൾ വാർത്തയിൽ നിറയുന്നു. ഈ തിരഞ്ഞെടുപ്പുകളിലൂടെ ഓരോ പ്രദേശത്തെയും ജനങ്ങൾക്ക് തങ്ങളുടെ ഭാവിക്കുള്ള ജനാധിപത്യ സമവാക്യം സൃഷ്ടിക്കാനുള്ള അവസരം ലഭിക്കുന്നു.

അമേരിക്കയിലെ പ്രസിഡന്റിനെയും മറ്റും തിരഞ്ഞെടുക്കുമ്പോൾ ലോകം മുഴുവൻ ഈ തെരഞ്ഞെടുപ്പ് വളരെ പ്രാധാന്യത്തോടെ കണക്കാക്കപ്പെടുന്നു. കാരണം അത് ലോക രാഷ്ട്രീയത്തിനും, സാമ്പത്തിക സാഹചര്യങ്ങൾക്കും വലിയ സ്വാധീനം ചെലുത്തുന്നു. കേരള നിയമസഭാ തിരഞ്ഞെടുപ്പിലും, ജനങ്ങൾ ജനാധിപത്യ മൂല്യങ്ങൾ നിലനിർത്താനും, അവകാശങ്ങൾ നിലനിർത്താനും വേണ്ടി തങ്ങളുടെ ഭാവിയെ നിർണ്ണയിക്കുന്ന നേതാക്കളെ തെരഞ്ഞെടുക്കുന്നു.

പ്രമുഖ രാഷ്ട്രീയ നിരീക്ഷകൻ തോമസ് ജെഫേഴ്സൺ പറഞ്ഞതു പോലെ, ‘ഒരു ജനാധിപത്യത്തിൽ ഒരു ജനതക്ക് അവരുടെ ഭരണം തന്നെയും അത് മുന്നോട്ടു കൊണ്ടുപോകുന്ന നേതാക്കളെയും നിർണ്ണയിക്കാനുള്ള അവകാശം ഉണ്ട്.‘ നമ്മുടെ മേൽ ഭരണം നടപ്പാക്കുന്നവരെ തിരഞ്ഞെടുക്കുമ്പോൾ, നമുക്ക് മുൻപിൽ സംശയമില്ലാത്ത കാര്യമാണിത്. മനുഷ്യരാശി ഈ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ കൂടിയാണ് ചാരിത്രിക ഭാവികൾക്ക് മുമ്പിലുള്ള വലിയ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നത്.


ജീവിതത്തിലും ഇതുപോലെ ഓരോ തീരുമാനവും വളരെ സമാനമായ രീതിയിലാണ്; ഓരോ തീരുമാനവും ഒറ്റ തിരുമാനം മാത്രമല്ല, ഒരു പുതിയ വഴിയും ചിന്തയും ആകുന്നു. വിവാഹം, തൊഴിൽ തിരഞ്ഞെടുപ്പ്, സാമ്പത്തികം എന്നിവയൊക്കെ ഉദാഹരണങ്ങളാണ്. തീരുമാനത്തിനും, തിരഞ്ഞെടുപ്പുകൾക്കും നല്ലതും നന്നായതുമായ ഫലം ലഭിക്കുവാൻ നിരന്തര ജാഗ്രതയും ആത്മപരിശോധനയും അനിവാര്യമാണ്.

ബൈബിളിൽ എത്രയോ വ്യക്തികൾ ഉണ്ട്. അവരുടെ തിരഞ്ഞെടുപ്പുകളും, തീരുമാനങ്ങളും നമ്മെ വളർത്തുന്ന ഉദാഹരണങ്ങളാണ്. മോശെയും, യോശുവായും ദൈവത്തോട് കൂടെ നിന്നു. സർവ്വകർമ്മങ്ങളും ഉറച്ച തീരുമാനത്തോടെ പൂർണ്ണ വിശ്വാസത്തോടും, ദൈവത്തിന്റെ മാർഗ്ഗനിർണ്ണയത്തോടും ചെയ്തു. അവരുടെ തീരുമാനങ്ങളുടെ ഫലം പ്രബുദ്ധമായ ഒരു രാജ്യത്തിന്റെ പിറവിയായിരുന്നു. ദാവീദ് രാജാവിനെ ദൈവം സ്വയം തിരഞ്ഞെടുത്തു ഒരു ശക്തനായ ഭരണാധികാരിയായി ചരിത്രം അദ്ദേഹത്തെ ഇന്നും അനുസ്മരിക്കുന്നു.

ഭാവി വൈകൃതമാകുന്നതും, വിസ്മയമാകുന്നതും ഇന്നത്തെ തീരുമാനങ്ങളുടെ പരിണിതഫലമായിട്ടാണ്. തീരുമാനങ്ങൾ എടുത്തു മുന്നേറുവാൻ സ്വാതന്ത്ര്യമുള്ള സ്വതന്ത്ര ജീവികൾ ആയിട്ടാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. നന്മയെയും, തിന്മയെയും പുൽകുവാനുള്ള സ്വാതന്ത്ര്യം ദൈവം ഏതു മനുഷ്യനും നൽകിയിരിക്കുന്നു. ഏതു തെരഞ്ഞെടുത്താലും അതിന്റെ പരിണിതഫലത്തെക്കുറിച്ചു മുന്നറിയിപ്പും നൽകിയിരിക്കുന്നു. തെരഞ്ഞെടുപ്പുകൾക്കനുസരിച്ച് പരിണിതഫലം തീരുമാനിക്കപ്പെടുന്നു. പരിണിതഫലത്തെ തിരഞ്ഞെടുക്കുവാൻ ആർക്കും കഴിയില്ല. ഇന്നിന്റെ നല്ല തിരഞ്ഞെടുപ്പുകൾ നാളയുടെ നല്ല ഫലങ്ങളായി പരിണമിക്കും. ഇന്നലെകളിലെ തിരഞ്ഞെടുപ്പുകളാണ് ഇന്നിന്റെ പരാജയത്തെയും, വിജയത്തെയും നിർണയിച്ചത്. ഇന്നലകളെക്കുറിച്ച് പരിഭവിക്കാതെ, നാളെകളെക്കുറിച്ച് ആശങ്കപ്പെടാതെ ഇന്നിന്റെ നേരായ തിരഞ്ഞെടുപ്പുകളിലൂടെ നമുക്ക് ജീവിതം മുന്നോട്ടു നയിക്കാം.

## യുഎഇ ദേശീയ ദിനാഘോഷങ്ങൾ ഇനി ‘ഈദ് അൽ ഇത്തിഹാദ്’

അബുദാബി: യുഎഇ ദേശീയ ദിനാഘോഷങ്ങൾക്ക് പുതിയ ഔദ്യോഗിക നാമകരണം. ദേശീയ ദിനാഘോഷങ്ങൾ ഇനി ഈദ് അൽ ഇത്തിഹാദ് ‘ദേശീയപെരുന്നാൾ’ എന്ന് അറിയപ്പെടും. സംഘാടക സമിതി പ്രഖ്യാപിച്ച പുതിയ പേര് ‘യൂണിയൻ’ (ഇത്തിഹാദ്) എന്ന ആശയത്തെ ശാക്തീകരിക്കും.




# ചർച്ച് ഓഫ് ഗോഡ് യു.എ.ഇ 2024-2026 ലേക്കുള്ള വൈ.പി.ഇ ഭാരവാഹികളെ തിരഞ്ഞെടുത്തു

ഷാർജ്ജ: ചർച്ച് ഓഫ് ഗോഡ് യു.എ.ഇ നാഷണൽ ഓവർസിയർ റവ. ഡോ. കെ ഓ മാത്യുവിന്റെ അധ്യക്ഷതയിൽ 25/09/2024 കൂടിയ വൈ.പി.ഇ സെക്രട്ടറിമാരുടെ യോഗത്തിൽ 2024-2026 കാലയളവിലെ വൈ.പി.ഇ ബോർഡ് അംഗങ്ങളെ തിരഞ്ഞെടുത്തു. ഡയറക്ടർ പാസ്റ്റർ ഫെബിൻ മാത്യു, സെക്രട്ടറി ബ്രദർ ഗിന്നർ ജെ ഡി, ട്രഷർ പാസ്റ്റർ ജോർജ് മാത്യു, എക്സിക്യൂട്ടീവ് അംഗങ്ങൾ ബ്രദർ ബിനോയ് എബ്രഹാം, ഇവാഞ്ചലിസ്റ്റ്. ലിജു ജോർജ്, ബ്രദർ സിബി ജോർജ് പ്രോഗ്രാം കോർഡിനേറ്ററുമാർ സിസ്റ്റർ മായാ മേഴ്സി, ബ്രദർ ഷിന്റോ ബാബു, ബ്രദർ സുമിൻ സജി റീജിയൻ കോർഡിനേറ്ററുമാർ: ബ്രദർ നൈനാൻ റെജി, ബ്രദർ പ്രിൻസ് രാജു, ബ്രദർ സാംസൺ വി, ബ്രദർ സന്തോഷ് സാം, ബ്രദർ ജിൽജു ചാണ്ടി, ബ്രദർ എബിൻ മാ ത്യു, ബ്രദർ ഫിബിൻ തറയിൽ, ബ്രദർ ജിബിൻ അലക്സ്.

# BACK TO THE CROSS
## മിഷനറി സമ്മേളനം നടന്നു

ഷാർജ: ഇന്ത്യയിലെ 28 സംസ്ഥാനങ്ങളിൽ നിന്നുള്ള ക്രിസ്തീയ മിഷിനറിമാരെ ഒരു കുടക്കീഴിൽ അണി നിരത്തിക്കൊണ്ട് BACK TO THE CROSS അന്തർദേശീയ മിഷിനറി സമ്മേളനം സംഘടിപ്പിച്ചു. ഷാർജ വർഷിപ്പ് സെന്ററിൽ നവംബർ 9-ന് വൈകുന്നേരം 6 മണിക്ക് ആരംഭിച്ച പൊതു സമ്മേളനത്തിൽ ഇതര പെന്തക്കോസ്ത് വിഭാഗങ്ങളിൽ നിന്നുള്ളവർ പങ്കെടുത്തു. ഗൾഫ് എന്ന വിദൂര സ്വപ്നത്തിന് ഉടമകളായിരുന്ന ഒരു കൂട്ടം പ്രേഷിത പ്രവർത്തകരെ അറബ് ദേശത്തിന് പരിചിതരാക്കുക ആയിരുന്നു ഈ സമ്മേളനത്തിന്റെ ഉദ്ദേശം.




*(ഷാർജ വർഷിപ്പ് സെന്ററിൽ നവംബർ 9 ന് നടന്ന മിഷിനറി സമ്മേളനത്തിൽ പങ്കെടുത്തവർ)*

## Looking For Bride

| | |
|---|---|
| Name | : ASHBY AJU |
| Gender | : Male |
| Parents Contact No | : +919947753365, +971551024994 |
| Date of Birth | : 15-July-1997 |
| Height | : 175cm |
| Education | : M.COM |
| Profession | : Logistics Specialist<br>Procurement Specialist<br>Accounts |
| Caste | : Pentecoast |
| Church | : Church Of God |
| Hometown | : Kollam (Kerala) |
| Mom | : Shiney Aju (Housewife) |
| Present Location | : Dubai |
| Expectation | : Professionally qualified. |

## Looking For Groom


| | |
|---|---|
| Name | : BLESSY MATHEW |
| Gender | : Female |
| Age | : 28 |
| Date of Birth | : 01/02/1996 |
| Height | : 157cm |
| Native Place | : Adimali, Idukki, Kerala. |
| Church | : IPC Rehaboth Church Adimali. |
| Name of Father | : Pr. Mathew K.J. |
| Education | : BSC with AME |
| Profession | : IBM (Aerospace Testing Engineer) Banglore. |
| Ancestral Origin | : Roman Catholic |
| Contact Number | : 9446928664 |
| Expectations | : God fearing, Educated and Working. |




## വൈ.പി.ഇ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി

അൽ ഐൻ : ചർച്ച് ഓഫ് ഗോഡ് യു.എ.ഇ വൈ.പി.ഇ ഡിപ്പാർട്ട്മെന്റ് രക്തദാന ക്യാമ്പും മെഡിക്കൽ ക്യാമ്പും നവംബർ 9 ശനിയാഴ്ച വൈകീട്ട് 4 മുതൽ 9 വരെ അൽ ഐനിൽ സംഘടിപ്പിച്ചു. ബുർജീൽ റോയൽ ഹോസ്പിറ്റലുമായി ചേർന്നാണീ സൗജന്യ സേവനം നടത്തിയത്. ചർച്ച് ഓഫ് ഗോഡ് യു.എ.ഇ ഇവാഞ്ചലിസം ബോർഡ് ഡയറക്ടർ പാസ്റ്റർ ജോസ് മല്ലിശ്ശേരി പ്രാർത്ഥിച്ച് ആരംഭിച്ച ക്യാമ്പിൽ 150-ൽ അധികം വ്യക്തികൾ രജിസ്റ്റർ ചെയ്ത് മെഡിക്കൽ ചെക്കപ്പ് പ്രയോജനപ്പെടുത്തുകയും 55 പേർ രക്തദാനം നടത്തുകയും ചെയ്തു. വൈ.പി.ഇ ബോർഡ് അംഗങ്ങൾ ക്യാമ്പിനു നേതൃത്വം നൽകി.

## നിര്യാതയായി



റാന്നി: മാടത്തുംപടി കൊന്നക്കൽ കെ.എസ് മാത്യുവിന്റെ (തമ്പാച്ചൻ) സഹധർമ്മിണി പൊന്നമ്മ മാത്യു (70) ക്രിസ്തുവിൽ നിദ്രപ്രാപിച്ചു. സംസ്കാര ശുശ്രൂഷകൾ ചെല്ലക്കാട് ചർച്ച് ഓഫ് ഗോഡ് ആഡിറ്റോറിയത്തിൽ നവംബർ 6-ന് നടന്നു. പരേത പൂവന്മല നല്ലേത്ത് കുടുംബാംഗമാണ്.

മക്കൾ:ജോമോൻ (ഡൽഹി), ജോയ്സ് (ഫുജൈറ), ജിജി (ഷാർജ)

മരുമക്കൾ: ഷിബി, അനീഷ്, പാസ്റ്റർ ഗ്ലാഡ്സൺ.

കൊച്ചു മക്കൾ: ഷോബൽ, ശാരോൺ, ആരോൺ, അബിയ, ജോഹാൻ, ജിയോണ.

# വസ്ത്രം വിറ്റ് വാൾ കൊള്ളട്ടെ



പാസ്റ്റർ തോമസ് വിളമ്പുകം

ക്രൈസ്തവ മതങ്ങൾക്കും ധർമ്മങ്ങൾക്കും തികച്ചും വിരോധാഭാസമായ ഒരു പ്രസ്താവനയാണ് വസ്ത്രം വിറ്റ് വാൾ കൊള്ളട്ടെ എന്നുള്ളത്, (ലൂക്കോസ് 22.36) യേശു ക്രിസ്തുവിനെ ഒരു മത സ്ഥാപകനായും ലോകത്തിലെ ഒരു വിപ്ലവകാരിയായും അത്താണിയായും പാവങ്ങളുടെ മർദ്ദിതരുടെ മോചകനായും ഒരു നല്ല കമ്യൂണിസ്റ്റുകാരനായും ഇങ്ങനെ വിവിധ വീക്ഷണകോണിലൂടെ നോക്കി കാണുന്ന ആളുകൾ സമൂഹത്തിൽ ധാരാളമുണ്ട്. ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്നവർ പോലും തന്റെ ആദർശത്തെ അംഗീക രിക്കുന്നു കമ്മ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് വിപ്ലവ പ്രത്യയശാസ്ത്രജ്ഞനായ കാറൽ മാർക്സ് മുതൽ നിരായുധ സഹന സമരസിദ്ധാന്തത്തിലൂടെ പുതു വിപ്ലവത്തിന് തുടക്കം കുറിച്ച മഹാത്മാഗാന്ധി വരെയുള്ള മഹാന്മാരിൽ ക്രൈസ്തവ ധർമ്മം വരുത്തിയ പരിവർത്തനം അനിഷേധ്യമാണ്.

സമത്വ സുന്ദര ക്ഷേമ രാഷ്ട്രത്തിന്റെ കെട്ടുപണിയ്ക്കുവേണ്ടി പ്രയത്നിച്ച വ്യക്തിയല്ല ക്രിസ്തു കാരണം തന്റെ രാജ്യം ഐഹികമല്ലായിരുന്നു സമൂഹത്തിലെ അനാചാരങ്ങളെയും അന്ധവിശ്വാസങ്ങളേയും ഉച്ചനീചത്വ വ്യവസ്ഥികളെയും തലയ്ക്കടിച്ച് അമർച്ച ചെയ്ത യേശു രാജാവായി പിറന്നവനോണെങ്കിലും ഒരു പ്രവാചക ശുശ്രൂക്ഷയാണ് ലോകത്തിൽ ചെയ്ത്. വിദ്വാന്മാർ യെരുശലേമിലെത്തി യഹൂദന്മാരുടെ രാജാവായി പിറന്നവനെവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്കുകിരുന്നു. ഈ വാർത്തയുടെ മുമ്പിൽ ഹേരോദാവും യേരുശലേം ഒക്കെയും ഭ്രമിച്ചു പോയി. രാജാവായി ഒരു ശിശു പിറന്നിരിക്കുന്നു. തന്റെ ലോകത്തിലെ ദൗത്യ നിർവ്വഹണത്തിനൊടുവിൽ പീലാത്തോസ് യേശുവിനെ വിസ്മരിക്കുമ്പോൾ നീ യെഹൂദന്മാരുടെ രാജാവോ എന്ന് ചോദിച്ചതിന് എന്റെ രാജ്യം ഐതിഹികമായിരുന്നെങ്കിൽ എന്നെ യെഹൂദന്മാരുടെ കൈകളിൽ നിന്നും വിടുവിക്കുവാൻ എന്റെ ചേവകർ പോരാടുമായിരുന്നു. നീ രാജാവ് തന്നെയോ എന്ന് പിലാത്തോസിന്റെ ചോദ്യത്തിന് മുമ്പിൽ നീ പറഞ്ഞതുപോലെ ഞാൻ രാജാവാകുന്നു എന്ന് യേശു മറുപടി പറഞ്ഞു. ക്രൂശിന്റെ മുകളിൽ തന്റെ കുറ്റ സംഹിത എഴുതിയപ്പോൾ ആ മേലെഴുത്തിൽ നസറേയനായ യേശു യെഹൂദന്മാരുടെ രാജാവ് എന്നെഴുതി. ജനകോടികളുടെ ജേതാവായി ക്രിസ്തു നിൽക്കുമ്പോഴും അണികളെ കത്തിയും കല്ലും കമ്പിയും എടുപ്പിക്കുന്ന ഒരു നേതാവായിട്ടല്ല. ആയുധങ്ങളുടെ കൂട്ടചിലമ്പുകളുയർത്തി വിപ്ലവം സൃഷ്ടിച്ച് സാമ്രാജ്യങ്ങൾ പിടിച്ചെടുക്കുവാൻ യേശു മുന്നോട്ടിറങ്ങിയില്ല. സാഹോദര്യത്തിന്റെയും മറിച്ച് സഹനത്തിന്റെയും സന്ദേശങ്ങൾ നല്കി ഒരു സ്നേഹ വിപ്ലവത്തിലടിത്തറയിട്ട ദൈവരാജ്യമാണ് സ്ഥാപിച്ചത്. രാജാവായിരുന്നിട്ടും ദാസനെപ്പോലെ ശുശ്രൂഷ ചെയ്ത ക്രിസ്തുവിന്റെ അനുഗാമികളാണ് യഥാർത്ഥ ക്രിസ്ത്യാനികൾ കസേരയുടെ കാലുറപ്പിക്കുവാൻ ഉപദേശങ്ങളെ തൂക്കി വില്ക്കേണ്ട ഗതികേട് യേശുവിനുണ്ടായിട്ടില്ല. വസ്ത്രം വിറ്റ് വാൾ കൊള്ളട്ടെ എന്ന ക്രിസ്തുവിന്റെ അസ്ത്ര തുല്യമായ വാക്കുകളുടെ നിർവ്വചനം അധികാരത്തിന്റെയും ഉന്നത ഭാവങ്ങളുടെയും സ്ഥാന വസ്ത്രങ്ങൾ വിറ്റ് ദൈവവചനം എന്ന വാൾ കൈയിലെടുക്കണം എന്നതാണ്. പന്തിരുവരുടെ ഇടയിൽ വലിയ തർക്കവും വാദവും ഉണ്ടായിരുന്നു. ആരാണ് വലിയവൻ എന്ന വിഷയത്തിൽ, എന്നാൽ ശിഷ്യന്മാരുടെ ഹൃദയ നിരൂപണങ്ങൾ വ്യക്തമായി മനസ്സിലാക്കിയ യേശു നിങ്ങളിൽ വിലയവൻ ഇളയവൻപ്പോലെയും നായകൻ ശുശ്രൂഷിക്കുന്നവനെപ്പോലെയും ഇരിക്കട്ടെ.(ലൂക്കൊ.22: 24, 26 ) കപട ഭക്തിക്കാരായ ശാസ്ത്രീമാരെയും പരീശന്മാരെയും നഖശിഖാന്തം വിമശിച്ചുകൊണ്ട് അവരുടെ പ്രവർത്തികൾക്കു നേരെ വിരൽ ചൂണ്ടികൊണ്ട് കപട ഭക്തിക്കാർ തങ്ങളുടെ മുഖ്യാസനവും അങ്ങാടിയിൽ വന്ദനവും മനുഷ്യന്റെ റബീ എന്നുള്ള വിളിയും അവർക്ക് പ്രിയമായിരുന്നു. നിങ്ങളോ റബീ എന്ന പേരെടുക്കരുത് നിങ്ങൾ ഏറ്റവും വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരനാകേണം. വലിയവനാകുവാൻ ആഗ്രഹിക്കുന്നവൻ എല്ലാവരിലും അധികം വോട്ട് പിടിക്കണം ഇതാണ് ജനാധിപത്യം. എന്നാൽ ക്രൈസ്തവ ധർമ്മം ഇതല്ല വലിയവനാകുവാൻ ആഗ്രഹിക്കുന്നവൻ എല്ലാവരിലും ചെറിയവനാകണം. ഒടുവിലത്തെ അത്താഴ സമയം തങ്ങൾ ചെറിയവരല്ല എന്ന ഭാവത്തിൽ നോക്കിയിരുന്നപ്പോൾ എല്ലാവരിലും ശിഷ്യന്മാർ വലിയവൻ കണ്ണോടുകൺ എല്ലാവരിലും ചെറിയവനെപ്പോലെ മുക്കുവനായ പത്രോസിന്റെയും ചുങ്കം പിരിവുകാരനായ മത്തായിയുടെയും ഒറ്റിക്കൊടുക്കുവാൻ കാത്തിരുന്ന യൂദാസിന്റെയും എല്ലാം കാലുകൾ കഴുകി മാതൃക കാണിച്ചു. പ്രസംഗം പ്രവർത്തിയിലൂടെ തെളിയിച്ചവനാണ് ക്രിസ്തു. സ്വർഗ്ഗത്തിൽ എന്നേക്കും നിലനിൽക്കുന്ന വചനത്തെ മാറ്റിവച്ച് ക്ഷണഭംഗുരമായ പദവികളെ മാത്രം ലക്ഷ്യമാക്കി സ്വമത പരിവേഷണാർത്ഥം ഓടുന്നത് അപകടകരമാണ്. വചനത്തിൽ നിലനിൽക്കുന്നവനാണ് ക്രിസ്തു ശിഷ്യൻ . പ്രാണനേയും ആൽമാവിനേയും സന്ധിമജ്ജകളെയും വേറുവിടുവിക്കുന്നവരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തകളെയും ഭാവങ്ങളെയും വിവേചിക്കുന്നതുമായ ഏതു വാളിനെക്കാളും മൂർച്ചയേറിയ ഇരുവായ്ത്തലയുള്ള വചനമെന്ന വാളിനെ മറന്ന് കസേരയിലേക്ക് മാത്രം കണ്ണും നട്ട് ലക്ഷ്യം തെറ്റിയുള്ള വേർപെട്ട ക്രൈസ്വ നേതാക്കന്മാരുടെ വീറും വാശിയുമുള്ള ഇലക്ഷനുകൾ ഈ തലമുറയെ വലിയ തകർച്ചയിലേക്കും മൂല്യശോഷണത്തിലേക്കും കൊണ്ടുചെന്നെത്തിക്കും. രാഷ്ട്രീയ തന്ത്രങ്ങളേക്കാൾ പുതിയ ഇലക്ഷൻ തന്ത്രങ്ങൾ കൈയ്യാളുവാനുള്ള കുറുക്കുവഴികൾ കാൽ രാഷ്ട്രീയക്കാർ നാണിച്ചുപോകും. പാവനമായക്രിസ്തു സന്ദേശത്തിന് കളങ്കം വരുത്തുന്ന ആൽമീക ലോകത്തിലെ അറുപിന്തിരിപ്പന്മാരെ സഭകൾ തിരിച്ചറിഞ്ഞു ബഹിഷ്കരിക്കേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു. അധികാരമെന്ന ചക്കരകുടത്തിൽ കൈ ഇട്ടു നുണയുവാൻ കൊതിച്ച് വളഞ്ഞ വഴികൾ തേടുന്നവർ ആത്മിയരോ ? സഭകളിൽ ജഡികന്മാർ വർദ്ധിക്കുന്നു. ആത്മികർ കുറയുന്നു. ഇത് വേർപെട്ട ക്രിസ്തീയ സഭയുടെ ആസന്നഭാവിയെ അപകടത്തിലെത്തിക്കും. ആത്മീയ നേതൃത്വത്തിലിരുന്ന് വളരുന്ന തലമുറയ്ക്കും സമൂഹത്തിനും മാതൃക കാണിക്കേണ്ടവർ ഉദ്ദേശശുദ്ധി നഷ്ടപ്പെടുത്തി സഭകളെ വാണിജ്യവത്കരിക്കുമ്പോൾ പിറന്നു വീഴുന്ന ആത്മീയ ശിശുക്കളെ ദയാവധം നടത്തുകയാണ്. കുഞ്ഞാടുകളുടെ വേഷത്തിൽ ചെന്നായയുടെ സ്വഭാവവുമായി തലക്കനത്തിൽ കഴിയുന്നവർക്ക് ബാബേൽ രാജാവായിരുന്ന നെബുഖദ് നേസർ ഒരു മുന്നറിയിപ്പാണ്. ഞാനെന്നഭാവത്തിൽ അധികാരത്തിലിരുന്ന നെബുഖദ്നേസറിനെ കസേരയിൽ നിന്നും താഴെയിറക്കി കാളയെന്നപോലെ പുല്ലുതീറ്റിച്ചവൻ നമ്മുടെ ദൈവമല്ലേ? സത്യവേചനത്തിനുവേണ്ടി നട്ടെല്ലിൻ മേൽ നിൽക്കുവാൻ മതവും പാരമ്പര്യങ്ങളും വലിച്ചെറിഞ്ഞവർ യാക്കോബിന്റെ ചുവന്ന പായസങ്ങളുടെ മുമ്പിൽ ജേഷ്ടാവകാശം വിറ്റു കളയുന്നു. വിശേഷമായ ബാബിലോന്യ മേലങ്കിയും വെള്ളിയും പൊൻകട്ടിയും എടുത്ത് കൂടാരത്തിൽ കുഴിച്ചിട്ട ആഖാൻ യിസ്രായേലിന്റെ പരാജയത്തിന് കാരണമായി. ബേബിലോന്യ മേലങ്കികളുടെ മുമ്പിൽ ക്രൂശിതന്റെ ദർശനം നഷ്ടപ്പെടുത്തുന്നവർ ദൈവസഭയുടെ പുരോഗമനത്തിന്റെ പാതയിലെ തടങ്കൽ പാറകളാണ്.

ഇടങ്കൈയും വലങ്കൈയും തമ്മിൽ തിരിച്ചറിയാതെ പാപരസം മട്ടോളം ഊറ്റിക്കുടിച്ച് ന്യായ വിധിയുടെ പാതയിൽ നരകതീയിലേക്ക് ദ്രുതഗതിയിൽ പായുന്ന ജനകോടികൾ ഇന്ന് അന്ധകാര അധിപതിയുടെ വിലങ്ങുവെയ്ക്കപ്പെട്ടവരാണ്. ഇവരെ കണ്ടിട്ടും കാണാത്തതുപോലെ ഒരു ചെറുവിരലുപോലും അനക്കുവാനുള്ള മനോഭാവം ഇല്ലാതെ സുവിശേഷത്തെ വിറ്റ് സ്വകാര്യ ട്രസ്റ്റുകൾ സ്ഥാപിച്ച് കച്ചവടക്കണ്ണുമായി നീങ്ങുന്നത് ഭൂഷണമല്ല. നഷ്ടപ്പെട്ട ദൈവത്തിന്റെ ആടുകൾ ഘോരവനാന്തരങ്ങളിലൂടെ നരകത്തിന്റെ അടിയില്ലാക്കിണറുകളിലേക്ക് ആരൂഢനായി നിപതിക്കുമ്പോൾ സിംഹാസനത്തിൽ അധികാരത്തിന്റെ തലപ്പാവുകളണിഞ്ഞവർക്ക് എങ്ങനെ യഥാർത്ഥ ലക്ഷ്യം കൈവരിക്കുവാൻ കഴിയും? സുവിശേഷ വിഹിത സഭകൾ വാൾ വിറ്റ് വസ്ത്രം നേടരുത്. പകരം സ്ഥാനവസ്ത്രങ്ങൾ വലിച്ചെറിഞ്ഞ് വചനം എന്ന വാൾ എടുക്കട്ടെ.

# വേലയ്ക്കു ഫലം വരുന്ന ജഡത്തിലെ വാസം



വിജി ജോസ് ബാംഗ്ലൂർ

ഈടുറ്റ 14 ലേഖനങ്ങൾക്ക് ഉടമയായ വി. പൗലോസ് അപ്പൊസ്തലന്റെ വാക്കാണ് - എന്നാൽ ജഡത്തിൽ ജീവിച്ചിരിക്കുന്നതിനാൽ വേലയ്ക്ക് ഫലം വരുമെന്നത്- (ഫിലി 1:22). ഈ വേല എന്നത് ഒരു ഓഫീസിൽ AC ക്ക് കീഴിൽ ഇരുന്ന് ഉള്ള ജോലിയല്ല. കർത്താവായ യേശുവിന്റെ തോട്ടത്തിലെ വേലയാണ്. വേദപുസ്തകത്തിൽ ഉൽപത്തിയിൽ യഹോവയായ ദൈവം മനുഷ്യനെ ഏദെൻ തോട്ടത്തിൽ വേല ചെയ്യുവാനും അതിനെ കാപ്പാനും അവിടെ ആക്കിയതായി കാണുന്നു - (ഉൽ: 2:15). എന്നാൽ ഈ മനുഷ്യൻ വേല ചെയ്ത് ആ തോട്ടത്തിൽ നിന്ന് ഫലം തിന്നില്ല. കാരണം തേജസ്സിന്റെ ശരീരത്തിൽ ജീവിച്ചിട്ടു പോലും വഞ്ചനയിൽ അകപ്പെട്ടു. വഞ്ചനയിൽ അകപ്പെടുവാൻ കാരണം വേല ചെയ്യേണ്ടുന്ന വ്യക്തി മടിയനായി കെണിയിൽ അകപ്പെട്ടു. തന്മൂലം അവന്റെ ഭക്തി പൊയ്പോയി. യഹോവ ഭക്തി ജീവന്റെ ഉറവെന്ന് സദൃശ്യവാക്യത്തിൽ എഴുതിയിരിക്കുന്നു-സദൃ: 14: 27.

മടിവന്നതിനാൽ
1. ഉത്സാഹം നഷ്ടമായി,
2. അധികാരം നഷ്ടമായി.
3 ശരീരത്തിന് താഴ്ച സംഭവിച്ചു. ജീവൻ നഷ്ടമായി. സദൃശ്യ 12:13, 24, ഫിലി: 3 : 21

ഒരു ആത്മീയ വ്യക്തിയെ സംബന്ധിച്ച് ജഡത്തിൽ ഉള്ള ജീവിതം അല്പം പ്രയാസമാണ്. പരിശുദ്ധ ആത്മാവിനെ അനുസരിച്ചാൽ മാത്രമേ വേലയ്ക്ക് ഫലം വരികയുള്ളു.
വേലയ്ക്ക് ഫലം ഒരു വ്യക്തിയിൽ ഉണ്ടാകണം എങ്കിൽ:

1.' ഉറപ്പുള്ളവരാകണം - ക്രിസ്തുവാകുന്ന പാറമേൽ ഉറയ്ക്കണം. ഉറയ്ക്കുക എന്നു പറഞ്ഞാൽ ക്രിസ്തുവിൽ വേരൂന്നുക എന്നർത്ഥം
2. കുലുങ്ങാത്തവർ ആയിരിക്കണം. പ്രയ്തനങ്ങൾ വ്യർത്ഥമല്ലെന്ന തിരിച്ചറിവ് ഉണ്ടാകണം- 1 കൊരി. 15:58.

നമ്മുടെ വേലയ്ക്ക് ഫലം ഉണ്ടാകണമെങ്കിൽ നാം മറ്റുള്ളവരെ ജഡപ്രകാരം അറിയരുത്. ജഡപ്രകാരം അറിയുമ്പോൾ നാം മറ്റുള്ളവരുടെ മുഖം നോക്കും, നിറം നോക്കും, സ്ഥാനങ്ങൾ മാനങ്ങൾ നോക്കും. 2 കൊരി. 5: 12-16
ജഡത്തിൽ ജീവിക്കുന്ന ഒരുവൻ ആത്മാവിനെ അനുസരിക്കുന്നില്ലെങ്കിൽ ജഡികസ്വഭാവങ്ങൾ ഉടലെടുക്കും. ഉദാ: പിണക്കം, ഈർഷ്യ ശേഷം മനുഷ്യരെപ്പോലെ ആകും. 1 കൊരി 3: 2,3 ഈ സ്വഭാവങ്ങൾ ഉള്ള വ്യക്തികൾക്ക് ഒരിക്കലും വേലയ്ക്ക് ഫലം കൊടുക്കുവാൻ കഴിയില്ല. ജഡത്തിൽ വസിക്കുമ്പോൾ പലവിധ കഷ്ടങ്ങൾ നേരിടാം. പ്രാണനുപോലും ഹാനി വരാം -2 കൊരി 1 : 8, 9. ശൌൽ എന്ന പൗലോസ് ഒരു കാലത്ത് കർത്താവിനെ അറിയുന്നതിന് മുമ്പ് ജഡത്തിൽ വാണു സഭയെ ഉപദ്രവിച്ച വ്യക്തിയായിരുന്നു-അപ്പൊ 8: 3. എന്നാൽ കർത്താവിനെ അറിഞ്ഞു സ്വർഗ്ഗീയ ദർശനം പ്രാപിച്ചതിന് ശേഷം (അപ്പൊ. 26:19) പരിശുദ്ധാത്മാവിനെ അനുസരിച്ചതിനാൽ വേലയ്ക്ക് ഫലം വന്നു. താൻ ജയിലിൽ കിടന്നപ്പോൾ പോലും ആത്മാക്കളെ ക്രിസ്തുവിനായി ജനിപ്പിച്ചു. ഉദാ: കാരാഗൃഹപ്രമാണി, ഒനേസിമോസ് മുതലായവർ (അപ്പൊ.16: 26 - 34 ഫിലെമോൻ. 1:10) യേശു കർത്താവ് ശിഷ്യന്മാരോട് അരുളി ചെയ്തത്, ഞാൻ നിങ്ങളെ തിരഞ്ഞെടുത്തു. നിങ്ങൾ പോയി ഫലം കായിക്കേണ്ടതിനും നിങ്ങളുടെ ഫലം നിലനിൽക്കേണ്ടുന്നതിനും നിങ്ങളെ ആക്കി വച്ചുമിരിക്കുന്നു യോഹ: 15: 16 നമുക്കും ജഡത്തിൽ ജീവിച്ച് കർത്താവിനായി ഫലം പുറപ്പെടുവിക്കാം.




## സുവിശേഷീകരണ ബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു

യു എ ഇ : വർത്തമാനകാല സുവിശേഷീകരണം (KAIROS) എന്ന വിഷയത്തിൽ ചർച്ച് ഓഫ് ഗോഡ് യു.എ.ഇ ഇവാഞ്ചലിസം ബോർഡ് ബോധവൽക്കരണ സെമിനാർ നടത്തി. ഒക്ടോബർ 30 ബുധനാഴ്ച വൈകുന്നേരം 7:30 ന് ആരംഭിച്ച സെമിനാർ ചർച്ച് ഓഫ് ഗോഡ് യു.എ.ഇ ദേശീയ അദ്ധ്യക്ഷൻ ഡോ. കെ. ഓ. മാത്യു ഉദ്ഘാടനം ചെയ്തു. ഡോക്ടർ റ്റി.എം ജോയൽ മുഖ്യപ്രഭാഷണം നടത്തി. ഇവാഞ്ചലിസം ബോർഡ് ഡയറക്ടർ പാസ്റ്റർ ജോസ് മല്ലിശ്ശേരി അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഡോക്ടർ മനോജ് സ്വാഗതകർമ്മം നിർവ്വഹിക്കുകയും പാസ്റ്റർ മോറിസ് തോമസ് കൃതഞ്ജത അർപ്പിക്കുകയും ചെയ്തു.

